**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 397** **20-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനപാത അതോറിറ്റി രൂപീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ, ആരാധനാകേന്ദ്രങ്ങൾ, പുതിയ എയർപോർട്ടുകൾ എന്നിവയെ ബന്ധിപ്പിക്കുന്ന റോഡ് ശൃംഖലകളെ കണ്ടെത്തി സംസ്ഥാനപാതകളാക്കി പ്രഖ്യാപിക്കുന്നതിനും നാലുവരി, ആറുവരി ഗണത്തിലേക്ക് ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ, ആരാധനാകേന്ദ്രങ്ങൾ, പുതിയ എയർപോർട്ടുകൾ എന്നിവയെ ബന്ധിപ്പിക്കുന്ന റോഡ് ശൃംഖലകളെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നുണ്ട്. ചില പാതകൾ സംസ്ഥാനപാതകളാക്കി നിലവിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം പാതകൾ നാലുവരി, ആറുവരി ഗണത്തിലേക്ക് ഉയർത്തുന്നതിന് ഭൂമിയേറ്റെടുക്കൽ വേണ്ടി വരുന്നതും കൂടുതൽ തുക ആവശ്യമുള്ളതുമാണ്. കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിന് വകുപ്പ് പ്രാധാന്യം നൽകുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ പല റോഡുകളും പൊതുമരാമത്തിന്റെ പല സെക്ഷനുകളിലും ജില്ലകളിലുമായി ചിതറിക്കിടക്കുന്നതും കെ.എസ്.ടി.പി., റിക്ക്, കെ.ആർ.എഫ്.ബി. ഇങ്ങനെ പലവിധ എസ്.പി.വി.കൾ പരിപാലിക്കുന്നതും മൂലമുള്ള അസന്തുലിതാവസ്ഥ പരിഹരിക്കാൻ നാഷണൽ ഹൈവെ അതോറിറ്റിയുടെ മാതൃകയിൽ സംസ്ഥാനപാത അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം, മെയിന്റനൻസ് വിഭാഗം, കേരള റോഡ് ഫണ്ട് ബോർഡ്, KSTP, RICK, പൊതുമരാമത്ത് ദേശീയപാത വിഭാഗം എന്നീ വിംഗുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് ഈ വിംഗുകളെ ഏകീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. വിംഗുകൾക്കിടയിൽ ഏകോപനം സാധ്യമാക്കിയാണ് പ്രവൃത്തികൾ നടക്കുന്നത്. പരിപാലനത്തിനും ഏകോപിതമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ